'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ആസ്തി വികസന പദ്ധതി - 2015-16 കല്ലാശ്ശേരി നിയോജക മണ്ഡലം- ചെറുതാഴം ഗ്രാമപഞ്ചായത്തിലെ പിലാത്തറയിൽ ടൗൺ സ്ക്വയർ നിർമ്മാണം പദ്ധതി - ഭരണാനുമതി നൽകിയ പ്രവൃത്തി റദ്ദ് ചെയ്ത് പകരം പഴയങ്ങാടി - റെയിൽവേ സ്റ്റേഷൻ - മാടായി - ചൈനാക്ലേ - വെങ്ങര റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

G.O.(Rt)No.1965/2019/LSGD തീയതി,തിരുവനന്തപുരം, 07/09/2019

പരാമർശം:- 1 ജി.ഒ(പി)നം.332/12/ഫിൻ തീയതി 11.06.2012

2 ജി.ഒ(ആർറ്റി) നം. 3821/15/തസ്വഭ വ, തീയതി 21.12.2015

3 ശ്രീ.റ്റി.വി രാജേഷ് എം.എൽ.എ (കല്ലാശ്ശേരി നിയോജക മണ്ഡലം)യുടെ 31.10.2018 ലെ കത്ത്.

4. സ.ഉ (സാധാ) നം. 507/2019/ധന തീയതി 22/01/2019

5. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 31.01.2019 ലെ ഡിബി5/16065/17/സിഇ/തസ്വഭവ നം.കത്ത്

ഉത്തരവ്

2015-16 ആസ്തി വികസന ഫണ്ടിൽ നിന്നും പരാമർശം (2)പ്രകാരം ഭരണാനുമതി നൽകിയ കല്ലാശ്ശേരി നിയോജക മണ്ഡത്തിൽ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ പിലാത്തറയിൽ ടൗൺ സ്ക്വയർ നിർമ്മിക്കുന്ന പ്രവൃത്തി റദ്ദ് ചെയ്ത് ടി തുക കല്ലാശ്ശേരി നിയോജക മണ്ഡലത്തിൽ പഴയങ്ങാടി -റെയിൽവേ സ്റ്റേഷൻ - മാടായി - ചൈനാക്ലേ - വെങ്ങര റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിയ്ക്ക് വിനിയോഗിക്കാൻ പ്രത്യേകാനുമതി നൽകണമെന്ന് ബഹു.എം.എൽ.എ ടി.വി രാജേഷ് പരാമർശം(3) പ്രകാരം ആവശ്യപ്പെട്ടിരുന്നു. കല്ലാശ്ശേരി നിയോജക മണ്ഡലത്തിൽ പഴയങ്ങാടി -റെയിൽവേ സ്റ്റേഷൻ - മാടായി - ചൈനാക്ലേ - വെങ്ങര റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിയ്ക്ക് കല്യാശ്ശേരി നിയോജക മണ്ഡലത്തിൽ ശ്രീ.റ്റി.വി രാജേഷ് എം.എൽ.എയുടെ 2015-16 ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ വിനിയോഗിക്കാൻ പരാമർശം (4) പ്രകാരം പ്രത്യേകാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ

പരാമർശം (5) പ്രകാരം സമർപ്പിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കല്യാശ്ശേരി നിയോജക മണ്ഡലത്തിൽ ശ്രീ.ടി.വി രാജേഷ് എം.എൽ.എയുടെ 2015-16 ആസ്തി വികസന ഫണ്ടിൽ നിന്നും പരാമർശം(2) പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കല്ല്യാശ്ശേരി മണ്ഡലത്തിൽ,ചെറുതാഴം ഗ്രാമപഞ്ചായത്തിലെ പിലാത്തറയിൽ ടൗൺ സ്ക്വയർ നിർമ്മിക്കുന്ന പ്രവൃത്തി റദ്ദ് ചെയ്ത് പകരം പഴയങ്ങാടി - റെയിൽവേ സ്റ്റേഷൻ - മാടായി - ചൈനാക്ലേ - വെങ്ങര ഗേറ്റ് റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിയ്ക്ക് 50,00,000 (അൻപത് ലക്ഷം) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. ഇതിനാവശ്യമായ തുക 4515-00-800-96 -Projects under LAC-ADS(NP)എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ശ്രീ.ടി.വി. രാജേഷ് എം.എൽ.എ(കല്ലാശ്ശേരി) (സി/എൽ)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്. തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി ഡിവിഷൻ, കണ്ണൂർ
സെക്രട്ടറി, ചെറുതാഴം ഗ്രാമപഞ്ചായത്ത്(കണ്ണൂർ)
പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ(ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം
ധനകാര്യ വകുപ്പ്(നോട്ട് നം. എൻ സി സി3/642015/ഫിൻ തീയതി 07.06.2019)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ